സഹകരണ പെൻഷൻ ലഭിക്കുന്നതിന് അനുമതി

29 [2266] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേന്ദ്ര ഇ. പി. എഫ്. പദ്ധതിയിൽ ഉൾപ്പെട്ട സഹകരണ സംഘങ്ങളിൽ ജോലി ചെയ്തിരുന്നവരും ഇപ്പോൾ ഇ. പി. എഫ് പദ്ധതിയിൽ നിന്നും വേർപെടുകയും ചെയ്ത സഹകരണ ജീവനക്കാർക്ക് നിയമാനുസൃതമുള്ള സഹകരണ പെൻഷൻ ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കി കിട്ടണമെന്ന ആവശ്യം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ ആവശ്യം അംഗീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

സഹകരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് കളക്ഷൻ ഏജൻറുമാർ

130 [2267] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ഡെപ്പോസിറ്റ് കളക്ഷൻ ഏജൻറുമാരെ ബാങ്കുകളിലെ സ്ഥിരം ജീവനക്കാരായി അംഗീകരിച്ചുകൊണ്ടും സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവു പ്രകാരം സംസ്ഥാനത്താകെ എത്ര കളക്ഷൻ ഏജൻറുമാരെ സഹകരണ സ്ഥാപനങ്ങൾ സ്ഥിരം ജീവനക്കാരായി അംഗീകരിച്ചിട്ടുണ്ടെന്നുള്ളതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ?

ഉത്തരം

(എ) വായ്പാ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപശീലവുകാരായി നിലവിൽ ആറുമാസത്തിൽ കുറയാത്ത സേവന രേഖയുമുള്ള ജീവനക്കാരെ അതേ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 13-4-2005-ൽ 10/2005 നമ്പരായി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. †

(സി) ആലപ്പുഴ ജില്ലയിൽ 4 പേരേയും പാലക്കാട് ജില്ലയിൽ 2 പേരേയും മലപ്പുറം ജില്ലയിൽ ഒരാളേയും കണ്ണൂർ ജില്ലയിൽ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly